പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 182 — 12-10-2026-ൽ മറുപടിയ്ക്ക്

**<u>എറണാകുളം ജനറൽ ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** — **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ് — ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** എറണാകുളം ജനറൽ ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** എറണാകുളം ജനറൽ ആശുപത്രിയിൽ കാസ്പ്, ആരോഗ്യകിരണം, കെബിഎഫ് പദ്ധതികളിൽ 2020-21 മുതൽ 2026-27 വരെയുള്ള കാലയളവിലെ ആകെ കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.

| പദ്ധതി | കുടിശ്ശിക തുക(രൂപ) |
|---|---|
| AB-PMJAY-KASP | 53,59,22,765/- |
| ആരോഗ്യകിരണം | 13,89,689/- |
| കെബിഎഫ് | 25,02,83,308/- |
| ആകെ | 78,75,95,762/- |

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കുടിശിക തീർപ്പാക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 26.09.2026-ന് സമർപ്പിച്ച പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ 08-10-2026-ലെ G.O.(Rt)No.3383/2026/H&FWD ഉത്തരവ് പ്രകാരം 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യം കുടിശ്ശിക വന്ന തുക ആദ്യം നൽകുക എന്ന രീതിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രികൾക്കു തുക അനുവദിക്കുന്നതാണ്. അപ്രകാരം ലഭ്യമാകുന്ന തുകയുടെ അനുപാതത്തിൽ എറണാകുളം ജനറൽ ആശുപത്രിയുടെ കടിശിക തീർപ്പാക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**